# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഇലന്തൂര് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAPTA P5-1168/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 18/11/2022
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഇലന്തൂര് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAPTA P5-1168/22 തീയ്യതി: 18/11/2022

## പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-03-2022 മുതൽ 30-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സ്നിഗ്ധ. എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2022 | 18-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2022 | 18-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മരുൺ മാത്യു, ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ആശാ എം. കുരുവിള, ഓഡിറ്റർ
ശ്രീമതി സിന്ധുമോൾ വി.എൻ., ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി മേഴ്സി മാത്യു | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. ജി. അനിൽകുമാർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അജുദേവ് വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 30-11-2021 |
| ശ്രീമതി മഞ്ജു ബി. | അസിസ്റ്റന്റ് സെക്രട്ടറി | 30-11-2021 | 31-03-2022 |
| ഡോ.നയന എസ്. | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ. മഞ്ജു പി.കെ. | മെഡിക്കൽ ഓഫീസർ-ആയുർവ്വേദം | 01-04-2021 | 31-03-2022 |
| ഡോ. ശീതൾ സുഗതൻ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-05-2021 | 31-03-2022 |
| ശ്രീമതി സീനാകുമാരി ഡി. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2021 | 17-09-2021 |
| ശ്രീമതി രജനി എസ്. | അസിസ്റ്റന്റ് എഞ്ചിനിയർ | 18-09-2021 | 31-01-2022 |
| ശ്രീമതി ജയശ്രീ കെ. | അസിസ്റ്റന്റ് എഞ്ചിനിയർ | 01-02-2022 | 31-03-2022 |
| ശ്രീ. നിഖിൽ കെ. | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. വർഗ്ഗീസ് നീതാ ജോയി | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി ലക്ഷ്മി മോഹൻ | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 01-04-2021 | 07-07-2021 |
| ശ്രീമതി ക്ലാഡിയ എം.സി. | ഐ.സി.ഡി.എസ്സ്.സൂപ്പർവൈസർ | 07-07-2021 | 31-03-2022 |
| ശ്രീമതി സിന്ധു വി. | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി കാവ്യാ കൃഷ്ണൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി വനജാ എം. | പ്രധാന അദ്ധ്യാപിക ജി.എൽ.പി.എസ്. | 01-04-2021 | 31-03-2023 |
| ശ്രീ. രാഹുൽ കെ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-I | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ. വിനോദ് വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ-II | 01-04-2021 | 31-03-2022 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Asha M Kuruvilla (Auditor, On 11-11-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-5 |
| 6 | ദേശീയ തൊഴിലുറപ്പ് പദ്ധതി<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-6 |
| 7 | ക്ഷേമ പെൻഷനുകൾ<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: SINDHUMOL V N (Auditor, On 17-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Asha M Kuruvilla (Auditor, On 14-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-10 |
| 11 | ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല<br>Written By: Marun Mathew (Audit Officer, On 18-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-11 |
| 12 | സാംഖ്യ - ILGMS പോർട്ടിംഗിൽ നീക്കിയിരിപ്പ് തുക പോർട്ട് ചെയ്തത് കൃത്യമല്ല<br>Written By: Asha M Kuruvilla (Auditor, On 19-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-12 |
| 13 | ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവിനത്തിൽ അധികം തുക ഈടാക്കി<br>Written By: Asha M Kuruvilla (Auditor, On 19-10-2022)<br>Last Updated By: Johncy John (Computer Assistant, On 18-11-2022) | 1-13 |
| 14 | പ്രൊക്യൂർമെന്റ് കമ്മിറ്റി സംബന്ധിച്ച്<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-14 |
| 15 | മരാമത്ത് പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ പൊതുപണം പാഴാകുന്നു<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-15 |
| 16 | മാമൂട്ടിപ്പടി മുതപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം കരാറുകാരന് അധികം നല്കിയ തുക 195532 രൂപ<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Johncy John (Computer Assistant, On 14-11-2022) | 1-16 |

| | | |
|---|---|---|
| 17 | വരട്ടുചിറ കോട്ടയിറമ്പിൽ റോഡ് കലുങ്ക് പാർശ്വഭിത്തി നിർമ്മാണം- പാർശ്വഭിത്തി തകർന്ന നിലയിൽ<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-17 |
| 18 | വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു<br>Written By: SINDHUMOL V N (Auditor, On 18-10-2022)<br>Last Updated By: Johncy John (Computer Assistant, On 14-11-2022) | 1-18 |
| 19 | ഗ്രാമപ്പഞ്ചായത്തിലെ പകുതിയോളം അംഗൻവാടികൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br>Written By: Deepa S (Asst. Audit Officer, On 18-10-2022)<br>Last Updated By: Johncy John (Computer Assistant, On 14-11-2022) | 1-19 |
| 20 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 18-10-2022)<br>Last Updated By: Johncy John (Computer Assistant, On 14-11-2022) | 1-20 |
| 21 | ലൈഫ് മിഷൻ ഭവനനിർമ്മാണം (എസ്.സി.പി.) - നിർമ്മാണം പൂർത്തീകരിച്ചില്ല<br>Written By: Deepa S (Asst. Audit Officer, On 18-10-2022)<br>Last Updated By: Joe M James (Computer Assistant, On 18-11-2022) | 1-21 |
| 22 | അഗതിരഹിതകേരളം - ഭക്ഷണവിതരണത്തിൽ ഒതുങ്ങി<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Shenu Balakrishnan (Computer Assistant, On 11-11-2022) | 1-22 |
| 23 | മരാമത്ത് പ്രോജക്റ്റുകളുടെ ബാഹുല്യവും കുറഞ്ഞ അടങ്കലും വികസനത്തെ ബാധിക്കുന്നു<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Johncy John (Computer Assistant, On 18-11-2022) | 1-23 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | മാമൂട്ടിപ്പടി മുരപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം കരാറുകാരന് അധികം നല്കിയ തുക 195532 രൂപ<br>Written By: Marun Mathew (Audit Officer, On 19-10-2022)<br>Last Updated By: Johncy John (Computer Assistant, On 18-11-2022) | 3-1 |
| | **ഭാഗം 4** | |
| 1 | സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Deepa S (Asst. Audit Officer, On 18-10-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Johncy John (Computer Assistant, On 14-11-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Deepa S (Asst. Audit Officer, On 17-10-2022) | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Asha M Kuruvilla (Auditor, On 15-10-2022)<br>Last Updated By: Johncy John (Computer Assistant, On 14-11-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Deepa S (Asst. Audit Officer, On 17-10-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Deepa S (Asst. Audit Officer, On 17-10-2022) | 4-6 |

| | | |
|---|---|---|
| | Last Updated By: Deepa S (Asst. Audit Officer, On 17-10-2022) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: SINDHUMOL V N (Auditor, On 19-10-2022)<br>Last Updated By: SINDHUMOL V N (Auditor, On 19-10-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Deepa S (Asst. Audit Officer, On 17-10-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Deepa S (Asst. Audit Officer, On 17-10-2022)<br>Last Updated By: Joe M James (Computer Assistant, On 18-11-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Asha M Kuruvilla (Auditor, On 15-10-2022)<br>Last Updated By: Asha M Kuruvilla (Auditor, On 16-10-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 15.02.2021 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 17.02.2021 |
| പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | 11.02.2022 |

ബഡ്ജറ്റും - യഥാർത്ഥ വരവ് ചെലവും വിശകലനം

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 5966500 | 10286206 | 4319706 |
| വരവ് | 103294200 | 104222855 | 928655 |
| ആകെ | 109260700 | 114509061 | 5248361 |
| ചെലവ് | 104602000 | 103462507 | -1139493 |
| നീക്കിയിരിപ്പ് | 4658700 | 11046554 | 6387854 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

2021-22 ലെ വാർഷിക ധനകാര്യ പത്രിക 30.07.2021-ന് എയിംസിൽ ഇ-സബ്മിറ്റ് ചെയ്തു. വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. ഷെഡ്യൂൾ B-15 - വസ്തുനികുതി - ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
2. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ വികസനഫണ്ട് ജനറൽ, എസ്.സി.പി. ഇനങ്ങളിലുള്ള വരവിന്റെ അക്കൗണ്ടിംഗ് കൃത്യമല്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,02,86,206 |
| വരവ് | 5,97,38,599 |
| ആകെ | 7,00,24,805 |
| ചെലവ് | 5,89,78,251 |
| നീക്കിയിരിപ്പ് | 1,10,46,554 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | സർക്കാർ ഉത്തരവ് പ്രകാരമുള്ള അലോട്ട് മെന്റ് തുക | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ളത്) | | നീക്കിയിരിപ്പ് /ലാപ്സായ തുക |
|---|---|---|---|---|
| | | വരവ് | ചെലവ് | |
| | A | B | C | A-C |
| വികസനഫണ്ട് (ജനറൽ) | 9578362 | 8635962 | 9578000 | 362 |
| വികസനഫണ്ട് (എസ്.സി.പി) | 6446936 | 6204936 | 6224000 | 222936 |
| വികസനഫണ്ട് (ടി.എസ്.പി) | 129000 | 129000 | 0 | 129000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-tied) | 5218500 | 5218500 | 3162301 | 2056199 |

| | | | | |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 2544702 | 2544702 | 2395131 | 149571 |
| സംരക്ഷണ ഫണ്ട്-റോഡ് | 10678000 | 10678000 | 6890534 | 3787466 |
| സംരക്ഷണ ഫണ്ട് – റോഡിതരം | 5202519 | 5202519 | 2536448 | 2666071 |

| പ്രത്യേക ഗ്രാന്റ് (ഇനം തിരിച്ച്) | | | | | |
|---|---|---|---|---|---|
| | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
| വിമുക്തി | 827 | 0 | 827 | 827 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| ശുചിത്വ മിഷൻ | 1145550 | 130000 | 1275550 | 407863 | 867687 |
| ലൈഫ് ഭവനപദ്ധതി | 0 | 3300000 | 3300000 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്) | | | | | |
| എൻ.ആർ.ഇ.ജി.എസ്. | 1 | 11697168 | 11697169 | 11697124 | 45 |
| ഐ.സി.ഡി.എസ്. | 1010864 | 746926 | 1757790 | 314289 | 1443501 |
| മറ്റ് ഗ്രാന്റുകൾ , അവാർഡുകൾ | | | | | |
| വിവാഹ ധനസഹായം | 0 | 150000 | 150000 | 150000 | 0 |
| തൊഴിൽ രഹിത വേതനം | 0 | 3720 | 3720 | 3720 | 0 |
| മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ചത് | | | | | |
| പരിശീലന പരിപാടി-കില | 0 | 12303 | 12303 | 12303 | 0 |

ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്-ചെലവ് കണക്കിലെ അപാകതകൾ

1. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം വികസനഫണ്ട് (ജനറലിൽ)-ന്റെ വരവ് തുക 8635962 രൂപയാണ്. എന്നാൽ വികസനഫണ്ട് (ജനറലിൽ)-ന്റെ യഥാർത്ഥ വരവ് തുക 9578362 രൂപയാണ്. അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ട്രാൻഫർ ക്രെഡിറ്റ് ചെയ്ത തുക, വികസനഫണ്ട് (ജനറലിൽ) നിന്നും സ്രോതസ്സിൽ കുറവുചെയ്ത തുക (₹788400) ലൈഫ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവ് സ്രോതസ്സിൽ കുറവുചെയ്ത തുക (₹154000) എന്നിവ വാർഷിക ധനകാര്യ പത്രികയിലും എ.സി.ആർ-ലും, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലും വരവായി എടുത്തിട്ടില്ല.

2. ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രിക പ്രകാരം വികസനഫണ്ട്( എസ്.സി.പി)- യുടെ വരവ് തുക 6204936 രൂപയാണ്. വികസനഫണ്ട് (എസ്.സി.പി)-യുടെ യഥാർത്ഥ വരവ് തുക 6446936 രൂപയാണ്. ലൈഫ് ഭവന പദ്ധതിയുടെ വായ്പാ തിരിച്ചടവ് സ്രോതസ്സിൽ കുറവുചെയ്ത തുക (₹24200) വാർഷിക ധനകാര്യ പത്രികയിലും എ.സി.ആർ-ലും, ഗ്രാന്റ് യൂട്ടിലൈസേഷൻ പത്രികയിലും വരവായി എടുത്തിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗീകമായി നടപ്പിലാക്കിയവ (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 196 | 72530134 | 161 | 428333923 | 0 | 3 | 59% |

വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ആവിഷ്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 14 | 12 | 2601709 | 1086476 | 42 |
| വെറ്ററിനറി സർജൻ | 8 | 7 | 1535600 | 1016600 | 66 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 1 | 1 | 1113000 | 1018150 | 91 |
| മെഡിക്കൽ ഓഫീസർ - | 1 | 1 | 300000 | 300000 | 100 |

| | | | | | |
|---|---|---|---|---|---|
| ഹോമിയോ | | | | | |
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 2 | 2 | 935000 | 934997 | 99.9 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 22 | 22 | 23963968 | 13378345 | 56 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 2864350 | 2376656 | 83 |
| ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്. | 2 | 2 | 850000 | 849522 | 99.9 |
| ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1241558 | 295558 | 24 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 500000 | 447085 | 89 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 8 | 1770200 | 1678459 | 95 |
| സെക്രട്ടറി | 31 | 28 | 9729126 | 6519355 | 67 |
| അസിസ്റ്റന്റ് എഞ്ചിനീയർ (ത.സ്വ.ഭ.വ.) | 94 | 66 | 25125623 | 12932720 | 51 |
| ആകെ | 196 | 161 | 72530134 | 42833923 | 59 |

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| ഭരണചെലവുകൾ | | 1 | 441968 | 441969 | 441924 | 45 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | അവിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം | 0 | 9305983 | 9305983 | 9305983 | 0 |
| | വിദഗ്ദ്ധ തൊഴിലാളികൾക്കുള്ള വേതനം | 0 | 506554 | 506554 | 506554 | 0 |
| | മെറ്റീരിയൽ | 0 | 1442663 | 1442663 | 1442663 | 0 |
| ആകെ | | 1 | 11697168 | 11697169 | 11697124 | 45 |

## 1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4339700 | 279 |
| മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2877400 | 203 |
| വിധവാപെൻഷൻ | 8321000 | 555 |
| വാർദ്ധക്യകാല പെൻഷൻ | 21643800 | 1446 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 244000 | 17 |
| തൊഴിൽരഹിത വേതനം | 3720 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന

17.10.2022-ാം തീയതി 3.00 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7965 രൂപ (ഏഴായിരത്തി തൊള്ളായിരത്തി അറുപത്തിയഞ്ച് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഭൂരിഭാഗം രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ സ്റ്റാന്റിംഗ്/ജനറൽ കമ്മിറ്റി ചർച്ച ചെയ്തിട്ടില്ല. പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. പഞ്ചായത്ത് സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2008 | 1997-98 മുതൽ 2007-08 വരെ | 19.06.2008 |
| പെർഫോമൻസ് ഓഡിറ്റ് | 01.07.2022 മുതൽ 02.07.2022 വരെ | 01/2022 മുതൽ 03/2022 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## 1-11 ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് ബാങ്ക് അക്കൗണ്ട് ആരംഭിച്ചില്ല

ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്ത് പ്രത്യേകം ബാങ്ക് അക്കൗണ്ട് തുറന്നിട്ടില്ല. ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇ.തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ പഞ്ചായത്ത് ഇപ്രകാരം ഒരു അക്കൗണ്ട് തുറന്നിട്ടില്ല. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കാണ് ഇപ്പോഴും ഇ-ടെണ്ടർ ഫീസും ഇ.എം.ഡി.യും ഒടുക്കിവരുന്നത്. 2016-17 മുതൽ 2020-21 വരെ ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ഒടുക്കിയ 85,619 രൂപ നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. 2021-22 വർഷം ഇ-ടെണ്ടർ ഫീസ് ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 25,365 രൂപ കൂടി ചേർത്ത് ആകെ 1,10,984 രൂപ തിരികെ ലഭിക്കാനുണ്ട്. ഈ തുക തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും ഇ-ടെണ്ടർ ഇടപാടുകളുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കുന്നതിന് ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച പ്രകാരം പ്രത്യേക അക്കൗണ്ട് ആരംഭിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-12 സാംഖ്യാ - ILGMS പോർട്ടിംഗിൽ നീക്കിയിരിപ്പ് തുക പോർട്ട് ചെയ്തത് കൃത്യമല്ല

ഗ്രാമ പഞ്ചായത്തിൽ ILGMS സോഫ്റ്റ് വെയർ ആരംഭിച്ചത് 06.09.2021 മുതലാണ്. 04.09.2021 വരെ സാംഖ്യയിൽ തയ്യാറാക്കിയ `സാമ്പത്തിക ഇടപാടുകളുടെ ആകെ ഡാറ്റാ, PDE (Past Data Entry) -യിലൂടെ ILGMS ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 04.09.2021ലെ സ്ഥാപനത്തിന്റെ ബാലൻസ്ഷീറ്റ്, റസിപ്റ്റ് ആന്റ് പെയ്മെന്റ്, ഇൻകംആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ തൊട്ടടുത്ത പ്രവർത്തിദിനമായ 06.09.2021-ൽ ILGMS-ൽ ഉൾപ്പെടുത്തിയിട്ടുള്ള ബാലൻസ്ഷീറ്റ്, റസിപ്റ്റ് ആന്റ് പെയ്മെന്റ്, ഇൻകംആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ വ്യതിയാനങ്ങൾ ചുവടെ ചേർക്കുന്നു.

| ബാലസ് ഷീറ്റ് ഷെഡ്യൂൾ |
|---|

| ഹെഡ് നം | ഷെഡ്യൂൾ | ഇനം | 05.09.2021 സാംഖ്യ പ്രകാരം നീക്കിയിരിപ്പ് | 05.09.2021 ILGMS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| 310000000 | B1 | പഞ്ചായത്ത് ജനറൽ ഫണ്ട് | 19075516 | 23820717 |
| 312000000 | B3 | റിസേർവ്സ് | 21363071 | 21359571 |
| 320000000 | B4 | ഗ്രാന്റ്, ഫണ്ട്സ് ആന്റ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപസ് | 4439708 | 4338808 |
| 330000000 | B5 | സെക്വേഡ് ലോൺസ് | 70000 | 136000 |
| 350000000 | B9 | അദർ ലയബിലിറ്റിസ് | 132366 | -3661905 |
| 410000000 | B11 | ഫിക് സഡ് അസറ്റ് | 41601822 | 24476 |
| 431000000 | B15 | സൻട്രി ഡെറ്റേഴ്സ് | -874257 | -575297 |
| 460000000 | B18 | ലോൻസ് അഡ്വാൻസ് ആന്റ് ഡോപ്പോസിറ്റ്സ് | 5062386 | 63720112 |

ഇൻകം & എക്സ്പെൻഡിച്ചർ ഷെഡ്യൂൾ

| ഹെഡ് നം | ഷെഡ്യൂൾ | ഇനം | 05.09.2021 സാംഖ്യ പ്രകാരം നീക്കിയിരിപ്പ് | 05.09.2021 ILGMS പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|
| 110000000 | I-1 | ടാക്സ് റെവന്യൂ | 367150 | 516910 |
| 140000000 | I-4 | ഫീ & യൂസർ ചാർജ്ജസ് | 109711 | 113978 |
| 220000000 | I-11 | അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് | 127393 | 143418 |
| 230000000 | I-12 | ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് | 723534 | 745954 |
| 250000000 | I-14 | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – പ്രോഡക്റ്റിവ് സെക്ടർ | 850188 | 1074806 |
| 251000000 | I-14(a) | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – സർവ്വീസ് സെക്ടർ | 7863525 | 9539695 |
| 252000000 | I-14(b) | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – AIMS ഇൻഫ്രാസ്ട്രക്ചർ സെക്ടർ | 4560 | 1075060 |
| 253000000 | I-14(c) | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – പ്രോജക്ട് നോട്ട് ഇൻക്ളൂഡഡ് ഇൻ സെക്ടർ ഡിവിഷൻ | 150000 | 441864 |
| 255000000 | I-14(e) | മെയിന്റനൻസ് പ്രോജക്ട് | 1070500 | 0 |
| 256000000 | I-14(f) | അദർ റെവന്യൂ ഗ്രാന്റ്സ് & ഫണ്ട്സ് - റെവന്യൂ എക്സ്പെൻസ് | 254327 | 98873 |

റസിപ്റ്റ് & പെയ്മെന്റ് ഷെഡ്യൂൾ

| ഹെഡ് നം | ഷെഡ്യൂൾ | ഇനം | 05.09.2021 സാംഖ്യ | 05.09.2021 ILGMS പ്രകാരം |
|---|---|---|---|---|

| | | | പ്രകാരം നീക്കിയിരിപ്പ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 110000000 | RP-1 | ടാക്സ് റെവന്യൂ | 349650 | 499410 |
| 431000000 | RP-43 | സൺട്രി ഡെബ്റ്റേഴ്സ് (റിസീവബിൾസ്) | 79410 | 4712135 |
| 230000000 | | ഓപ്പറേഷൻസ് & മെയിന്റനൻസ് | 723534 | 745954 |
| 250000000 | RP-15 | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – പ്രോഡക്റ്റീവ് സെക്ടർ | 224618 | 1038906 (RP-16) |
| 251000000 | RP-16 | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – സർവ്വീസ് സെക്ടർ | 6896061 | 6109353 (RP-17) |
| 252000000 | RP-17 | ഡിസെൻട്രലൈസ്ഡ് പ്ലാൻ പ്രോഗ്രാം – AIMS ഇൻഫ്രാസ്ട്രക്ചർ സെക്ടർ | 4560 | 1075060 (RP-18) |
| 320000000 | RP-31 | ഗ്രാന്റ്സ്, ഫണ്ട്സ് & കോൺട്രിബ്യൂഷൻസ് ഫോർ സ്പെസിഫിക് പർപ്പസ് | 9420 | 5920 (RP-30) |

മേൽ അപാകതകൾ പരിഹരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 ലൈഫ് ഭവനപദ്ധതി വായ്പ തിരിച്ചടവിനത്തിൽ അധികം തുക ഈടാക്കി

ലൈഫ് ഭവന പദ്ധതിക്കായി 2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 4,00,000 രൂപ കെ.യു.ആർ.ഡി.എഫ്.സി.യിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം മുതൽ നാളിതുവരെ വായ്പ തിരിച്ചടവിലേക്ക് ഗ്രാമപഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്തിട്ടുള്ള തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സാമ്പത്തിക വർഷം | ഈടാക്കിയ തുക | ലോൺ അടവാക്കുവാൻ അവശേഷിക്കുന്നത് |
|---|---|---|
| 2019-20 | Nil | 4,00,000 |
| 2020-21 | 264000 | 136000 |
| 2021-22 | 396000 | -260000 |
| ആകെ | 6,60,000 | -260000 |

അധികമായി ഈടാക്കിയ 260000 രൂപ തിരികെ ലഭിക്കുന്നതിനും തുടർന്ന് തുക സ്രോതസിൽ കുറവ് ചെയ്യുന്നത് ഒഴിവാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-14 പ്രൊക്യൂർമെന്റ് കമ്മിറ്റി സംബന്ധിച്ച്

സർക്കാർ ഉത്തരവ് ജി.ഒ.(പി)259/2010/എൽ.എസ്.ജി.ഡി തീയതി 08.10.2010 പ്രകാരം സാധനസാമഗ്രികളും സേവനങ്ങളും തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്നതിന്റെ പ്രഥമ നടപടിയായി ഓരോ തദ്ദേശസ്ഥാപനവും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും ഒരു സാമ്പത്തിക വർഷം സമാഹരിക്കുവാൻ ഉദ്ദേശിക്കുന്ന മൊത്തം സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാനിംഗ് സാമ്പത്തിക വർഷാരംഭത്തിന് മുമ്പായി പ്രൊക്യുയർമെന്റ് കമ്മിറ്റി രൂപീകരിച്ച് തയ്യാറാക്കേണ്ടതാണ്. അപ്രകാരം ചെയ്യുമ്പോൾ സമാഹരിക്കുന്നതിന് ഉദ്ദേശിക്കുന്ന സാധന സാമഗ്രികളുടെയും സേവനങ്ങളുടെയും ആവശ്യകതയും പ്രായോഗികതയും ഉപയോഗ തുടർച്ചയും മുൻഗണനയും കാര്യക്ഷമതയും പൂർണ്ണമായി ഉറപ്പാക്കുകയും ചെയ്യേണ്ടതാകുന്നു എന്ന് ഉത്തരവ് നിഷ്കർഷിക്കുന്നു. എന്നാൽ, പഞ്ചായത്തും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും സാധനസാമഗ്രികളുടെയും സേവനങ്ങളുടെയും വാർഷിക പ്രൊക്യുയർമെന്റ് പ്ലാൻ തൻവർഷം തയ്യാറാക്കിയിട്ടില്ല. ഭാവിയിൽ ആയത് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 മരാമത്ത് പ്രവൃത്തികൾ ലക്ഷ്യപ്രാപ്തിയിലെത്താതെ പൊതുപണം പാഴാകുന്നു

പഞ്ചായത്ത് ഏറ്റെടുത്തു നടത്തുന്ന മരാമത്ത് പ്രവൃത്തികൾ പലതും ലക്ഷ്യപ്രാപ്തിയിലെത്തുന്നില്ല. തന്മൂലം ആസ്തികൾ യഥാസമയം ഉപയോഗിക്കാതെ പൊതുപണം പാഴാകുന്നതിന് കാരണമാവുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1. ഇലഞ്ഞി മാർക്കറ്റ് പരിസരത്ത് തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ്

ഇലഞ്ഞി മാർക്കറ്റ് പരിസരത്ത് തുമ്പൂർമുഴി കമ്പോസ്റ്റ് യൂണിറ്റ് (പ്രോജക്ട് നം.എസ് 102/22) 3,08,445 രൂപ ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് യൂണിറ്റുകളാണ് ഇതിൽ നിർമ്മിച്ചിട്ടുള്ളത്. 2022 മാർച്ച് മാസം പണിപൂർത്തികരിച്ച മേൽ യൂണിറ്റുകളിൽ ഒന്നിൽപ്പോലും നാളിതുവരെ മാലിന്യങ്ങളൊന്നും സംസ്കരിച്ചിട്ടില്ലെന്ന മാത്രമല്ല പ്രസ്തുത കമ്പോസ്റ്റ് യൂണിറ്റും അനുബന്ധ കെട്ടിടവും പരിപാലനം ഇല്ലാതെ കാട് കയറിയ നിലയിലാണ്.



2. ടേക്ക് എ ബ്രേക്ക് - ഇലഞ്ഞി മാർക്കറ്റിൽ പുതിയ ടോയ്‌ലെറ്റ് നിർമ്മാണം

ടേക്ക് എ ബ്രേക്ക് - ഇലഞ്ഞി മാർക്കറ്റിൽ പുതിയ ടോയ്‌ലെറ്റ് നിർമ്മാണം എന്ന പദ്ധതിയിൽപ്പെടുത്തി (നം.156/22) 382163 ചെലവഴിച്ച് രണ്ട് ടോയ്‌ലെറ്റ് നിർമ്മിച്ചിട്ടുണ്ട്. പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടോയ്‌ലെറ്റ് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ടോയ്‌ലെറ്റും പരിസരവും കാട് കയറി തുടങ്ങിയ നിലയിലാണ്.



3. ടേക്ക് എ ബ്രേക്ക് – ഇലഞ്ഞി സ്റ്റേഡിയത്തിലുള്ള കഫേ ടോയ് ലെറ്റ് നവീകരണം

ടേക്ക് എ ബ്രേക്ക് ഇലഞ്ഞി - സ്റ്റേഡിയത്തിലുള്ള കഫേ ടോയ്‌ലെറ്റ് നവീകരണം എന്ന പദ്ധതിയിൽപ്പെടുത്തി (നം.155/22) 5,56,985 ചെലവഴിച്ച് രണ്ട് ടോയ്‌ലെറ്റ് നിർമ്മിച്ചിട്ടുണ്ട്. പ്ലംബിംഗ് വർക്കുകൾ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ടോയ്‌ലെറ്റ് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ടോയ്‌ലെറ്റും പരിസരവും വൃത്തിഹീനമായി നാശോന്മുഖമായ നിലയിലാണ്.

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പ്രസ്തുത മൂന്നു പ്രവൃത്തികളിലും കൂടി 12,47,593 രൂപയാണ് പഞ്ചായത്ത് ചെലവഴിച്ചിരിക്കുന്നത്. ഇവ യഥാസമയം ഉപയോഗിക്കാതിരുന്നാൽ ആസ്തികൾ നശിച്ചു പോവുന്നതിനും അതുവഴി പൊതുപണം പാഴാകുന്നതിനും ഇടവരും. മാലിന്യസംസ്കരണവും ശുചിത്വവും പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളാണ്. ടി പ്രോജക്ടുകളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ഉപയുക്തമാക്കുന്നതിനുള്ള അടിയന്തര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 1-16 മാമൂട്ടിപ്പടി മുരുപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം കരാറുകാരന് അധികം നല്കിയ തുക 195532 രൂപ

| | |
|---|---|
| പ്രൊജക്റ്റ് | S.193/21-22, മാമൂട്ടിപ്പടി മുരുപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം |
| അടങ്കൽ തുക | 479924 രൂപ (മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവു തുക | 380905 രൂപ (ബിൽ നം.210505000000011943/31.03.22) |
| കരാറുകാരൻ | ശ്രീ.ജെയിംസ് മാത്യു, തെക്കുമുറിയിൽ, ചന്ദനപ്പിള്ളി |
| എം.ബുക്ക് നം. | 660/21-22 |
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |

മാമൂട്ടിപ്പടി മുരുപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ എം.ബുക്കിലും വർക്ക് ബില്ലിലും കണക്കിലെ പിഴവ് മൂലം അളവ് തെറ്റായി രേഖപ്പെടുത്തി 195532 രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

## 1-17 വരട്ടുചിറ കോട്ടയിറമ്പിൽ റോഡ് കലുങ്ക് പാർശ്വഭിത്തി നിർമ്മാണം- പാർശ്വഭിത്തി തകർന്ന നിലയിൽ

| | |
|---|---|
| പ്രൊജക്റ്റ് നം. | S.60/21-22, വരട്ടുചിറ കോട്ടയിറമ്പിൽ റോഡ് കലുങ്ക് പാർശ്വഭിത്തി നിർമ്മാണം |
| അടങ്കൽ തുക | 400000 രൂപ (മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവു തുക | 348358 രൂപ (ബിൽ നം.210505520157015201З1/30.3.22) |
| കരാറുകാരൻ | ഷാജി വി. ആർ., ഇടപ്പരിയാരം ഇലന്തൂർ |
| നിർവ്വഹണം | അസി.എഞ്ചിനീയർ |



വരട്ടുചിറ കോട്ടയിറമ്പിൽ റോഡിന് സംരക്ഷണം നല്കുന്നതിനു വേണ്ടി 2021-22 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കലുങ്കും പാർശ്വഭിത്തിയും നിർമ്മിച്ചിട്ടുണ്ട്. റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 3,48,358 രൂപയാണ് പ്രവൃത്തിക്ക് ചെലവഴിച്ചിട്ടുള്ളത്. 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിച്ച പാർശ്വഭിത്തി 7 മാസത്തിനു ശേഷം ഓഡിറ്റ് വേളയിൽ 2022 ഒക്ടോബർ 17 ന് നടത്തിയ സ്ഥല പരിശോധനയിൽ പൂർണ്ണമായും തകർന്ന നിലയിലാണെന്ന് കണ്ടെത്തി. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പാർശ്വഭിത്തി പുനർ നിർമ്മിച്ച നല്കുന്നതിന് കരാറുകാരന് നിർദ്ദേശം നല്കിയിട്ടുണ്ടെന്ന് അസി.എഞ്ചിനീയർ അറിയിച്ചു. ജി.ഒ(പി)നം.161/2019 ഫിൻ. തീയതി 25.11.2019 പ്രകാരം സാധാരണ നിർമ്മിതികളുടെ സംരക്ഷണ കാലയളവ് 36 മാസമാണ് ബാദ്ധ്യത കാലയളവിനുള്ളിൽ സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിന് കരാറുകാരന് ബാദ്ധ്യതയുണ്ട്. ഗുണനിലവാരമില്ലാതെ നിർമ്മാണം നടത്തിയതിനും തകർന്ന പാർശ്വഭിത്തി യഥാസമയം പുനർനിർമ്മിക്കാത്തതിനും മേൽനോട്ടച്ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന നിലയിൽ പ്രവർത്തി നടപ്പാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉത്തരവാദിയാണ്. തകർന്ന പാർശ്വഭിത്തി പുനർ നിർമ്മിച്ച നല്കുകയോ കരാറുകാരനിൽ നിന്ന് ചെലവഴിച്ച തുക തിരികെ ഈടാക്കുകയോ

ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും പ്രവൃത്തിയ്ക്ക് ചെലവഴിച്ച തുക തിരികെ ഈടാക്കുന്നതിന് സർചാർജ്ജ് നടപടി സ്വീകരിക്കുന്നതാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.



## 1-18 വിവിധ മരുന്നുവാങ്ങൽ പദ്ധതികൾ പ്രകാരം മരുന്നുകൾ ലഭ്യമാക്കാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ആയുർവേദം, ഹോമിയോ എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി വിവിധ മരുന്നുവാങ്ങൽ പദ്ധതികൾക്കായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, ഔഷധി, ഹോംകോ എന്നീ സ്ഥാപനങ്ങളിൽ തുക മുൻകൂറായി നൽകിയിട്ടുണ്ടെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര്, നം, നിർവ്വഹണ ഉദ്യോഗസ്ഥൻ | ബിൽ നമ്പർ/ തീയതി/തുക | ലഭ്യമാക്കിയത് | ലഭിക്കാൻ അവശേഷിക്കുന്നത് |
|---|---|---|---|
| S0067/22 സാന്ത്വന പരിചരണം മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 1. 21050552014900972231 19/01/2022 182100 രൂപ 2. 21050552014901158857 19/02/2022 100000 രൂപ | 258432 | 323668 |

| | | | |
|---|---|---|---|
| | 3. 21050552014901213498<br>25/02/2022<br>300000 രൂപ<br>ആകെ 582100 രൂപ | | |
| S0073/22 ആയുർവ്വേദ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ<br>മെഡിക്കൽഓഫീസർ (ആയുർവ്വേദം) | 1. 21050552015001068113<br>3/1/2022<br>500000 രൂപ<br>2. 21050552015001339962<br>3/1/2022<br>200000 രൂപ<br>ആകെ 700000 രൂപ | 665428 | 34572 |
| S0054/22 ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ<br>മെഡിക്കൽ ഓഫീസർ (ഹോമിയോ) | 21050552015100919294<br>6/1/2022<br>300000 രൂപ | – | 300000 |

ആശുപത്രിയുടെ സുഗമമായ നടത്തിപ്പിനാവശ്യമായ മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും നിർവ്വഹണ ഉദ്യോഗസ്ഥരും തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 ഗ്രാമപ്പഞ്ചായത്തിലെ പകുതിയോളം അംഗൻവാടികൾ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

ഗ്രാമപഞ്ചായത്തിലെ 18 അംഗൻവാടികളിൽ 8 എണ്ണത്തിനു മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 8 എണ്ണം വാടകയ്ക്ക് പ്രവർത്തിക്കുന്നു. വാടകയ്ക്ക് പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് വസ്തു വാങ്ങുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നൽകിയതിന് (3/22 Dtd 14.10.22) 7-ാം വാർഡിൽ 112-ാം നമ്പർ അംഗൻവാടിക്ക് 3 സെന്റ് സ്ഥലവും 1-ാം വാർഡിൽ 102-ാം നമ്പർ അംഗൻവാടിക്ക് 4 സെന്റ് സ്ഥലവും സൗജന്യമായി ലഭിച്ചിട്ടുണ്ട് എന്നും 2-ാം വാർഡിൽ 95-ാം നമ്പർ അംഗൻവാടിക്ക് വസ്തു നൽകുന്നതിന് ശ്രീമതി സരോജിനിയമ്മ, ഒറ്റപ്ലാംമൂട്ടിൽ എന്ന വ്യക്തി സമ്മതം അറിയിച്ചിട്ടുണ്ടെങ്കിലും വഴി സംബന്ധിച്ച തർക്കം നിലനിൽക്കുന്നതിനാൽ ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സാധിച്ചിട്ടില്ല എന്നും മറുപടി ലഭിച്ചിട്ടുണ്ട്. അംഗൻവാടികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിനും വസ്തു ലഭ്യമായവക്ക് കെട്ടിടം നിർമ്മിക്കുന്നതിനും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷം വിവിധ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകിയിട്ടുണ്ട്.വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനം | പദ്ധതിയുടെ പേര് | തുക |
|---|---|---|---|
| 1 | KSEB | 122/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (SO) | 76582 |
| 2 | KSEB | 178/22വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 254241 |
| 3 | KWA | 112/22വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 737500 |
| 4 | KWA | 123/22പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SO) | 478000 |

| | | | |
|---|---|---|---|
| 5 | KWA | 191/22 1-ാം വാർഡിലെ വിവധ കോളനികളിൽ പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 545000 |

മേൽ പദ്ധതികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-21 ലൈഫ് മിഷൻ ഭവനനിർമ്മാണം (എസ്.സി.പി.) - നിർമ്മാണം പൂർത്തീകരിച്ചില്ല

ഗ്രാമപഞ്ചായത്തിൽ ലൈഫ്മിഷൻ ഭവനനിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി കരാറിലേർപ്പെട്ട 37 ഗുണഭോക്താക്കളിൽ 6 പേർ നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | പേര്/മേൽവിലാസം | കരാർ തീയതി | നൽകിയ തുക |
|---|---|---|---|
| 1 | സുജാത, വലിയകാല ലക്ഷംവീട്, ഇടപരിയാരം | 24.03.21 | 200000 |
| 2 | മിനി.പി.എസ്സ്., വാക്കപ്പറമ്പിൽ, ഇടപരിയാരം | 26.03.21 | 200000 |
| 3 | രഞ്ജിത്ത് രാജൻ, മണ്ടകത്തിൽ, ഇടപരിയാരം | 22.01.21 | 200000 |
| 4 | ദില്യദാമോദരൻ, ചോഴിയാകുളത്ത്, ഇലന്തൂർ | 04.03.22 | 300000 |
| 5 | ദിവ്യ ബി., താഴത്തേതിൽ നെല്ലിക്കാല | 04.03.22 | 40000 |
| 6 | സരള ജി., കോട്ടച്ചിറ കാലായിൽ, ഇടപരിയാരം | 04.03.22 | 200000 |

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള തുടർനടപടികളുടെ വിവരം ആരാഞ്ഞതിൽ (ഓഡിറ്റ് എൻക്വയറി നം.7/22 Dtd 15.10.22) തൻവർഷം ഫണ്ട് ലഭ്യമല്ലാതിരുന്നതിനാലാണ് പദ്ധതി തുടരാൻ സാധിക്കാതിരുന്നതെന്നും ഗുണഭോക്താക്കൾ ഭവനനിർമ്മാണ പ്രവർത്തനങ്ങൾ തുടരുന്നതായും നിർവഹണോദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-22 അഗതിരഹിതകേരളം - ഭക്ഷണവിതരണത്തിൽ ഒതുങ്ങി

ഗ്രാമപഞ്ചായത്തിലെ അഗതികളായ ഗുണഭോക്താക്കളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനും ജീവിതസാഹചര്യങ്ങൾ ഒരുക്കുന്നതിനും വേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് അഗതിരഹിത കേരളം ഗ്രാമപഞ്ചായത്തിലെ 73 ഗുണഭോക്തൃ കുടുംബങ്ങളെ ഉൾപ്പെടുത്തി ആവിഷ്കരിച്ച പദ്ധതിയ്ക്ക് കുടുംബശ്രീ മിഷന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ധനകാര്യവിശകലനം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | അടങ്കൽ | നാളിതുവരെലഭിച്ച തുക | ചെലവഴിച്ച തുക |
|---|---|---|---|
| വികസനഫണ്ട് | 7551000 | 775000 | 40000 |
| ചലഞ്ച് ഫണ്ട് | 2332578 | 767183 | 1299530 |
| മറ്റ് ഫണ്ട് | 4400000 | 0 | 0 |
| ആകെ | 14283578 | 1542183 | 1339530 |

പദ്ധതിയുടെ ഇനം തിരിച്ചുള്ള ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം | വകയിരുത്തിയ തുക | ചെലവ് | ആകെ ഗുണഭോക്താക്കൾ | ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കൾ |
|---|---|---|---|---|
| ഭക്ഷണം | 1645200 | 1299530 | 73 | 73 |
| ചികിത്സ | 577440 | 0 | 73 | 0 |
| വീട് | 9200000 | 40000 | 23 | 2 |
| Expense Availing | 3000 | 0 | | |
| കുടിവെള്ളം | 100000 | 0<br>0 | 20 | 0 |
| വിദ്യാഭ്യാസം | 27000 | 0 | 6 | 0 |
| വീട് മെയിന്റനൻസ് | 2600000 | 0 | 23 | 0 |
| തൊഴിൽ പരിശീലനം | 3000 | 0 | 6 | 0 |

| | | | | | |
|---|---|---|---|---|---|
| കൗൺസിലിംഗ് | 30000 | 0 | 0 | 0 |
| റിസർവ് ഫണ്ട് | 67938 | 0 | 0 | 0 |
| പലവക | 15000 | 0 | 0 | 0 |
| മെഡിക്കൽ ക്യാംപ് | 15000 | 0 | 0 | 0 |
| ആകെ | 14283578 | 1339530 | | |

പദ്ധതിയ്ക്ക് വകയിരുത്തിയ തുകയുടെ 9% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പ്രധാനമായും ഭക്ഷണവിതരണം മാത്രമാണ് നടന്നിട്ടുള്ളത്. ഭക്ഷണവിതരണത്തിന് നാളിതുവരെ 1299530 രൂപ ആകെ ചെലവഴിച്ചിട്ടുണ്ട്. കുടുംബശ്രീ ജില്ലാ മിഷനിൽ നിന്ന് ചലഞ്ച് ഫണ്ട് ഒരു ഗഡു മാത്രമാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഭക്ഷണത്തിന് നിലവിൽ വികസനഫണ്ടിൽ നിന്നാണ് തുക ചെലവഴിക്കുന്നത്. 532347 രൂപ ഇത്തരത്തിൽ വികസനഫണ്ടിൽനിന്നും ചെലവഴിച്ചിട്ടുണ്ട്. 2021-22 സാമ്പത്തികവർഷം വികസനഫണ്ടിൽ നിന്ന് 200000 രൂപ പദ്ധതിയ്ക്കായി ലഭിച്ചിട്ടുണ്ടെങ്കിലും വീട്, കുടിവെള്ളം, തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾക്ക് വികസനഫണ്ട് ചെലവഴിച്ചിട്ടില്ല അർഹതപ്പെട്ട ചലഞ്ച് ഫണ്ട് യഥാസമയം ലഭ്യമാക്കുന്നതിനും പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുതവിഷയം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

### 1-23 മരാമത്ത് പ്രോജക്ടുകളുടെ ബാഹുല്യവും കുറഞ്ഞ അടങ്കലും വികസനത്തെ ബാധിക്കുന്നു

ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം 2,51,25,623 രൂപ അടങ്കലിൽ 93 മരാമത്ത് പ്രവൃത്തികളാണ് ഏറ്റെടുത്തത്. അവയിൽ ഏറിയ പങ്കും റോഡ് നിർമാണ-നവീകരണ പ്രോജക്ടുകളായിരുന്നു. ഗ്രാമപഞ്ചായത്തിനെ ഒരു യൂണിറ്റായി കണ്ട് വികസനപദ്ധതികൾ ഏറ്റെടുക്കണമെന്ന അടിസ്ഥാനതത്ത്വം പാലിക്കാതെ സങ്കുചിത വ്യക്തി താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് വാർഡടിസ്ഥാനത്തിൽ ഫണ്ടുകൾ വീതം വെയ്ക്കുന്നതിനാൽ നാമമാത്ര ദൈർഘ്യമുള്ള റോഡ് നിർമ്മാണ പ്രോജക്ടുകളാണ് ഓരോ വർഷവും ആവിഷ്കരിക്കുന്നത്. ഗ്രാമീണറോഡുകളുടെ ശരാശരി ദൈർഘ്യം 3 മുതൽ 6 വരെ കിലോമീറ്ററായിരിക്കെ ഓരോ വർഷവും കോൺക്രീറ്റ്/ ടാറിംഗ് നടത്തുന്നത് കേവലം 6 മുതൽ 100 വരെ മീറ്റർ നീളത്തിലാണ്. ഇത്തരത്തിൽ ഒരു റോഡ് പൂർത്തീകരിക്കുവാൻ എത്ര വാർഷികപദ്ധതികൾ ആവിഷ്കരിക്കേണ്ടി വരുമെന്നത് ഊഹിക്കാവുന്നതേയുള്ളൂ. റോഡിന്റെ ഒരു റീച്ചിൽ നിന്ന് നിർമ്മാണം ആരംഭിച്ച് പാതിഭാഗമെത്തുമ്പോഴേക്കും ആദ്യം ചെയ്ത ഭാഗത്ത് അറ്റകുറ്റപ്പണികൾ വേണ്ടി വരുന്ന സാഹചര്യം സംജാതമാകുന്നതിന് ഇത് കാരണമാകും. ഓഡിറ്റ് വർഷം ആസൂത്രണം ചെയ്തതും നടപ്പാക്കിയതുമായ മരാമത്ത് പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| 50000 ൽ താഴെ അടങ്കലുണ്ടായിരുന്ന പ്രോജക്ടുകളുടെ എണ്ണം | 5 |
| 50000 മുതൽ ഒരു ലക്ഷം വരെ അടങ്കലുള്ളവ | 11 |
| ഒരു ലക്ഷം മുതൽ രണ്ട് ലക്ഷം വരെ അടങ്കലുള്ളവ | 30 |
| രണ്ട് ലക്ഷം മുതൽ അഞ്ച് ലക്ഷം വരെ അടങ്കലുള്ളവ | 18 |
| അഞ്ച് ലക്ഷവും അതിലധികവും അടങ്കലുള്ളവ | 2 |

നാമമാത്രമാത്രമായ അടങ്കലുള്ള പ്രോജക്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നത് ജീവനക്കാർക്ക് ജോലിഭാരവും സമ്മർദ്ദവും വർദ്ധിപ്പിക്കുന്നുവെന്നതും പ്രത്യേകം കാണേണ്ടതാണ്. വാർഡടിസ്ഥാനത്തിലുള്ള ഫണ്ട് വീതംവെയ്പുകളും മറ്റു സങ്കുചിത താത്പര്യങ്ങളും മാറ്റിനിർത്തി പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ചും, അടങ്കൽ തുക വർദ്ധിപ്പിച്ചും പദ്ധതിപ്പണത്തിന്റെ വിനിയോഗം സാർത്ഥകമാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതി, വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ അടിയന്തിരശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 മാമുട്ടിപ്പടി മുരുപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം കരാറുകാരന് അധികം നല്കിയ തുക 195532 രൂപ

| | |
|---|---|
| പ്രൊജക്ട് നം. | S.193/21-22, മാമൂട്ടിപ്പടി മുരുപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം |
| അടങ്കൽ തുക | 479924 രൂപ (മെയിന്റനൻസ് ഗ്രാന്റ് ) |
| ചെലവു തുക | 380905 രൂപ (ബിൽ നം. 210505000000011943/31.3.22 |
| കരാറുകാരൻ | ശ്രീ.ജെയിംസ് മാത്യു, തെക്കുമുറിയിൽ, ചന്ദനപ്പിള്ളി |
| എം.ബുക്ക് നം. | 660/21-22 |
| നിർവ്വഹണം | അസി.എഞ്ചിനീയർ |

മാമൂട്ടിപ്പടി മുരുപ്പേൽ കാഞ്ഞിരത്തറ റോഡ് പുനരുദ്ധാരണം എന്ന പ്രവൃത്തിയുടെ എം.ബുക്കിൽ കണക്കിലെ പിഴവ് മൂലം അളവ് തെറ്റായി രേഖപ്പെടുത്തി 195532 രൂപ കരാറുകാരന് അധികം നല്കിയിട്ടുണ്ട്. ഐറ്റം നം.2-ൽ
(75.71 Dry Rubble Masonry – Random Rubble Masonry With Hard Stone Including Through-Bond Stone In Foundation And Super Structure Including Packing To Compactness To Lines And Levels, Cost And Conveyance Of All Materials Labour Charges Etc Complete As Per Approved Drawing And Relevant Technical Specifications) എന്നയിനത്തിൽ 5.80x0.90+0.50/2x1.70+1.90/2= 7.308 എന്ന് കണക്കാക്കുന്നതിനു പകരം 73.08 എന്ന് തെറ്റായി രേഖപ്പെടുത്തിയതു മൂലവും (എം.ബുക്ക് പേജ് നം.3) 4x0.90+0.50/2x1.90+1.70/2 = 5.04 എന്ന് കണക്കാക്കുന്നതിനു പകരം 5.64 എന്ന് തെറ്റായി രേഖപ്പെടുത്തിയതു മൂലവും യഥാർത്ഥ അളവായ 40.996 ഘനമീറ്റർ എന്നതിനു പകരം 107.368 ഘനമീറ്ററിന്റെ അളവിന് ഘനമീറ്ററിന് 2946 രൂപ നിരക്കിൽ പ്രതിഫലം നൽകിയിട്ടുണ്ട്. ഇപ്രകാരം 107-368-40.996= 66.372 ഘനമീറ്റർ പ്രവൃത്തിക്ക് 2946 രൂപ നിരക്കിൽ 195532 രൂപ അധികമായി നൽകാനിടയായി.
അധികമായി നൽകിയിട്ടുള്ള തുകയുടെ അളവുകളും താഴെ ചേർക്കുന്നു.

1. എം ബുക്ക് പേജ് നം.3 ലെ രേഖപ്പെടുത്തൽ പ്രകാരം കണക്കുകൂട്ടിയ അളവ്

| L | B | D | എരിയ |
|---|---|---|---|
| 14.40 | 1.50+1.10/2 | 1.50 | 28.08 |
| 5.80 | 0.90+0.50/2 | 1.70+1.90/2 | 73.08 |
| 4 | (0.90+0.50/2) 0.7 | (1.90+1.70/2) 1.8 | 5.64 |
| 1.30 | .50 | .873 | .568 |
| | | ആകെ | 107.36m $^3$ |

2. <u>യഥാർത്ഥ അളവ്</u>

| L | B | D | എരിയ |
|---|---|---|---|
| 14.40 | 1.50+1.10/2 | 1.50 | 28.08 |
| 5.80 | 0.90+0.50/2 | 1.70+1.90/2 | 7.308 |
| 4 | 0.90+0.50/2 | 1.90+1.70/2 | 5.04 |
| 1.30 | .50 | .873 | .568 |
| | | ആകെ | 40.996m $^3$ |

40.996 $M^3$ ന് പകരം 107.36 $M^3$ പ്രവൃത്തിക്കുള്ള പ്രതിഫലമാണ് അനുവദിച്ചത്. അളവുകളിലെ വ്യത്യാസം മൂലം അധികമായി നൽകിയ തുക (107.36 – 40.996 = 66.372 X 2946 = 195532 രൂപ തിരികെ ഈടാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തിയുടെ വർക്ക് ബില്ലും എം.ബുക്കിലെ മെഷർമെന്റും രേഖപ്പെടുത്തി ബില്ല് മാറി കരാറുകാരന് (ശ്രീ.ജെയിംസ് മാത്യു) തുക നൽകിയത് അസി.എഞ്ചിനീയർ ശ്രീമതി ജയശ്രീ ടി. കെ. യും, ചെക്ക് മെഷർ ചെയ്തിരിക്കുന്നത് ഇലന്തൂർ ബ്ലോക്ക് അസി.എക്സി.എഞ്ചിനീയർ ശ്രീമതി ബിന്ദു എസ്. കരുണാകരനുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.12/18.10.22) നൽകിയ മറുപടിയിൽ തുക കണക്കാക്കിയതിൽ സംഭവിച്ച പിഴവാണെന്നും തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചു. അധികം നൽകിയ തുക 195532 കരാറുകാരിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്. അല്ലാത്തപക്ഷം നഷ്ടം മേൽപറഞ്ഞ 2 ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ട്നമ്പർ/പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ്0 |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 100000 | 9/22,ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 228000 | 27/22,ലൈഫ് ഭവനപദ്ധതി(എസ്..പി) | 228000 | 0 |
| ജില്ലാ പഞ്ചായത്ത് | 40000 | 217/22,ലൈഫ് ഭവനപദ്ധതി(റ്റി.എസ്.പി) | 40000 | 0 |
| ജില്ലാ പഞ്ചായത്ത് | 50000 | 113/22,ഡൊമിസിലറിയർ സെന്റർ കെ | 50000 | 0 |
| ജില്ലാ പഞ്ചായ | 300000 | 67/22,സാന്ത്വനപരിചരണം | 300000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | 67/22,സാന്ത്വനപരിചരണം | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 179900 | 9/22,ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 179900 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 87374 | 113/22,ഡൊമിസിലറിയർ സെന്റർ കെ | 87374 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 320000 | 25/22ലൈഫ് ഭവനപദ്ധതി(ജനറൽ) | 320000 | 0 |
| ബ്ളോക്ക് പഞ്ചായത്ത്0 | 926279 | 27/22,ലൈഫ് ഭവനപദ്ധതി(എസ് സിപി | 926279 | 0 |
| ബ്ളോക്ക് പഞ്ചായത്ത്0 | 54728 | അനപൂരകപോഷകാഹാരപദ്ധതി | 54728 | 0 |
| ബ്ളോക്ക് പഞ്ചായത്ത്0 | 100000 | 42/22,ആശ്രയ | 100000 | 0 |
| ബ്ളോക്ക് പഞ്ചായ | 100000 | 13/22,നെൽക്കൃഷി | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്,പ്രോജക്ട് നമ്പർ | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 122/22 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (SO) | 22100273/12.08.21 22100223/27.07.21 | 76582 | 0 | 76582 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 178/22വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ്േ | 22100309/23.03.22 22100418/31.03.22 | 254241 | 0 | 254241 |
| കേരള വാട്ടർ അതോറിറ്റി | 112/22വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22100368/21.03.22 22100404/31.03.22 | 737500 | 0 | 737500 |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 123/22പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (SO) | 210505520155014320 14/24.03.22 210505552015501375451/18.03.22 | 478000 | 0 | 478000 |
| കേരള വാട്ടർ അതോറിറ്റി | 191/22 1-ാം വാർഡിലെ വിവധ കോളനികളിൽ പൈപ്പലൈൻ എക്സ്റ്റൻഷൻ | 21050552015600588567/30.10.21 | 545000 | 0 | 545000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

മുൻ വർഷം എടുത്ത വായ്പയിന്മേൽ, ഓഡിറ്റ് വർഷം തിരിച്ചടച്ച വായ്പയുടെയും വർഷാവസാനം തിരിച്ചടയ്ക്കാൻഅവശേഷിക്കുന്ന വായ്പയുടെയും വിശദാംശം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്.) നം.111/2018 | 4,00,000 | 1,36,000 | 3,96,000 | 3,96,000 | -- | -2,60,000 |

വാർഷിക ധനകാര്യപത്രിക പ്രകാരം ലോൺ തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നില്ല. അടയ്ക്കുവാൻ അവശേഷിക്കുന്ന ലോൺ തുകയിലും അധികമായി 2021-22 സാമ്പത്തിക വർഷം വികസനഫണ്ടിൽ നിന്നും 260000 രൂപ സർക്കാർ കുറവ് ചെയ്തിട്ടുണ്ട് (ഖണ്ഡിക 1-13 കാണുക).

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2016-17 | 2-1 | വസ്തുനികുതി പിരിവ് കാര്യക്ഷമമല്ല | പരാമർശം നിലനിൽക്കുന്നു |
| 2016-17 | 2-8 | തൊഴിൽനികുതി പിരിവ് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്<br>(മുന്നിരിപ്പ് ഉൾപ്പെടെ) | 70024805 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,89,78,251 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | 195532 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 348358 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 97766 | ശ്രീമതി ജയശ്രീ റ്റി.കെ.<br>അസി. എഞ്ചിനിയർ |
| | | 97766 | ശ്രീമതി ബിന്ദു എസ്.<br>കരുണാകരൻ<br>അസി. എക്സിക്യൂട്ടീവ്<br>എഞ്ചിനിയർ |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 348358 | ശ്രീമതി ജയശ്രീ റ്റി.കെ.<br>അസി. എഞ്ചിനിയർ |

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ജയശ്രീ റ്റി.കെ. ,<br>അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.,<br>ഇലന്തൂർ ബ്ലോക്ക് | ലക്ഷ്മി നന്ദനം<br>എം.ജി. റോഡ്<br>അടൂർ<br>പിൻ - 691523 |
| ശ്രീമതി. ബിന്ദു എസ്. കരുണാകരൻ,<br>അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | സർവ്വീസിൽ നിന്നും വിരമിച്ചു | കിഴക്കേക്കര<br>അടിമുറിയിൽ<br>മുട്ടത്തുകോണം പി.ഓ.<br>ഇലവുംതിട്ട<br>പിൻ - 689625 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് | തീർപ്പാക്കാൻ | തീർപ്പാക്കാൻ |
|---|---|---|

| റിപ്പോർട്ട് വർഷം | അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ.പി.6/40/13 തീയതി 22-03-2013 | 3 എണ്ണം (3-1, 3-8, 3-9) |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി.5/608/16 തീയതി 02-06-2016 | 4 എണ്ണം (2-1, 3-1, 3-2,3-9) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി.5/55/17 തീയതി 13-02-2017 | 4 എണ്ണം (2-6, 2-8, 3-4, 3-15) |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി.5/1348/18 തീയതി 15-08-2018 | 1 എണ്ണം (3-7) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി.5/780/19തീയതി 17-09-2019 | 1 എണ്ണം (1-15) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ ഇലന്തൂര് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്